# ഗവ. ഹയർ സെക്കന്ററി സ്കൂൾ പട്ടുവം




## ജാലകം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## *2025-2026*

ghsspattuvam@gmail.com

# സ്കൂൾ വിവരങ്ങൾ

- റവന്യൂ ജില്ല -കണ്ണൂർ
- സ്കൂൾ കോഡ് -13077
- സ്കൂളിന്റെ പേര് -ജി എച്ച് എസ് എസ് പട്ടുവം
- മേൽവിലാസം - ജി എച്ച് എസ് എസ് പട്ടുവം
  കണ്ണൂർ
- പിൻകോഡ് -670143
- ഫോൺ നമ്പർ -04602220949
- ഇമെയിൽ - ghsspattuvam@gmail.com
- ഗ്രാമ പഞ്ചായത്ത് -ജി എച്ച് എസ് എസ് പട്ടുവം
- വിദ്യാഭ്യാസ ജില്ല - തളിപ്പറമ്പ നോർത്ത്
- ക്ലാസുകൾ - 8 മുതൽ 10
- പഠന മാധ്യമം -ഇംഗ്ലീഷ് , മലയാളം

## ചരിത്രം

പട്ടുവം ഗ്രാമവാസികളുടെ ചിരകാലാഭിലാഷമായ ഒരു ഗവ.ഹൈസ്കൂളിന് തുടക്കം കുറിച്ചത് 1981 ഡിസംബർ 29 നാണ്. സ്നേഹനികേതൻ വകയായുള്ള കമ്യൂണിറ്റിഹാളിൽ ശ്രീ. പി. കുഞ്ഞിക്കണ്ണൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. .കൂടുതലറിയാം

## ഭൗതിക സൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 5 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് 2 കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹയർ സെക്കന്ററി ഉൾപ്പടെ 9 ക്ലാസുകളാണ് ഉള്ളത്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും 2 കമ്പ്യൂട്ടർ ലാബുണ്ട്.എല്ലാ ക്ലാസുകളും ഹൈടെക് ആണ്. കെഫോൺ ഇന്റർനെറ്റ്

സൗകര്യം ലഭ്യമാണ്. ടോയ്ലറ്റ് സൗകര്യവും ശുദ്ധജലവും ലഭ്യമാണ്. സ്കൂൾ ബസ് സൗകര്യം ലഭ്യമാണ്.സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും സജ്ജമാണ്..

## പാഠ്യേതര പ്രവർത്തനങ്ങൾ

- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- ജെ.ആർ.സി.
- ലിറ്റിൽ കൈറ്റ്സ്.
- വിവിധ ഇനം ക്ലബുകൾ

## മുൻ സാരഥികൾ

| ക്രമനമ്പർ | പേര് | വർഷം | |
|---|---|---|---|
| 1 | ശ്രീമതി. പി. സതീദേവി | | |
| 2 | ശ്രീ പി. ദാമോദരൻ നായർ | | |
| 3 | ശ്രീ കെ ജനാർദ്ദനൻ നായർ, | | |
| 4 | ശ്രീ സി അബ്ദുൾ മജീദ് | | |
| 5 | ശ്രീ കെ കുമാരൻ, | | |
| 6 | ശ്രീ പി എം നാരായണൻ നമ്പ്യാർ | 1993 | 1995 |
| 7 | ശ്രീമതി സി പത്മിനി | 1995 | 1998 |
| 8 | ശ്രീ എ വി നാരായണൻ, | 1998 | 1999 |
| 9 | ശ്രീ തോമസ് കുരുവിള | 1999 | 2000 |
| 10 | ശ്രീമതി പി പി ശ്യാമള | 2000 | 2002 |
| 11 | ശ്രീ എൻ ശ്രീധരൻ | 2002 | 2003 |
| 12 | ശ്രീ കെ വി ഭാസ്കരൻ | 2003 | 2005 |
| 13 | ശ്രീമതി എം ജെ കുഞ്ഞുമേരി | 2005 | 2007 |
| 14 | ശ്രീ ബാലകൃഷ്ണൻ മാവില, | 2007 | 2008 |
| 15 | ശ്രീമതി പ്രേമവല്ലി എം | 2008 | 2013 |
| 16 | ശ്രീ ബാലകൃഷ്ണൻ ചെമ്മഞ്ചേരി, | 2013 | 2014 |
| 17 | ശ്രീമതി ഗീത ടി | 2014 | 2015 |
| 18 | ശ്രീ വിജയകുമാർ | 2015 | 2017 |
| 18 | ശ്രീ ഒ എം ഗോപാലൻ | 2017 | 2020 |

| | | | |
|---|---|---|---|
| 19 | ശ്രീ രമേശ് ബാബു എം | 2020 | 2020 |
| 20 | ശൈലജ പി വി | 2020 | 2022 |
| 21 | ശ്രീ മനോജ് | 2022 | 2023 |
| 22 | പ്രസന്ന കുമാരി ടി പി | 2023 | 2025 |
| 23 | റീന ഇ ടി | 2025 | |

## അക്കാദമിക നേട്ടങ്ങൾ

കഴിഞ്ഞ ഒൻപത് വർഷം തുടർച്ചയായി SSLC പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ കഴിഞ്ഞു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രത്യേക പരിശീലനം നൽകുന്നതിലൂടെ കൂടുതൽ കുട്ടികൾക്ക് ഫുൾ എ പ്ലസ് കരസ്ഥമാക്കാനും മികച്ച വിജയം കൈവരിക്കാനും കഴിഞ്ഞു. കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സ്കൂളിൽ സംഘടിപ്പിച്ച വിവിധ പാഠ്യ പാഠ്യേതര പദ്ധതികൾക്ക് കഴിഞ്ഞു. ജെ ആർ സി , ലിറ്റിൽ കൈറ്റ്സ് എന്നീ യൂണിറ്റുകൽ വളരെ സജീവമായി പ്രവർത്തിക്കുന്നതിലൂടെ കുട്ടികളിൽ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

## അക്കാദമിക പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ സ്കൂളിന് മികച്ച വിജയം കൈവരിക്കാൻ സാധിക്കുന്നുണ്ടെങ്കിലും എട്ടാം ക്ലാസിലേക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറയുന്നു. യാത്രാ സൗകര്യങ്ങളുടെ പരിമിതിയാണ് ഒരു പരിധിവരെ ഇതിനുകാരണം. ഗണിതശാസ്ത്രം ,സാമൂഹ്യശാസ്ത്രം , ശാസ്ത്രം എന്നീ വിഷയങ്ങൾക്ക് പ്രത്യേക ലാബ് സൗകര്യങ്ങൾ ഇല്ല.

## ഭൗതിക നേട്ടങ്ങൾ

നിലവിലുള്ള നാല് ക്ലാസുകളിലും ഹൈടെക്ക് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് വായനക്കാവശ്യമായ പുസ്തകങ്ങളടങ്ങിയ ലൈബ്രറി സൗകര്യമുണ്ട്. ആവശ്യത്തിന് ലാപ്പ്ടോപ്പുകളോടു കൂടിയ ഐടി ലാബുണ്ട്. സ്കൂളിന്റെ മുൻവശം ഇന്റർലോക്ക് പാകി മോടി

ക്കുട്ടുകയും ചെടികളാൽ അലങ്കരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ പറയുവാനും പരിഹാരത്തിനും പ്രത്യേകമായി കൗൺസിലർ മുറി സജ്ജമാണ്.

## ഭൗതിക പരിമിതികൾ

നിലവിലുള്ള സ്കൂൾ ഓഡിറ്റോറിയത്തിൽ എല്ലാ കുട്ടികൾക്കും ഇരിക്കാനുള്ള സൗകര്യമില്ല. നിലവിൽ ലൈറ്റ് സൗകര്യമില്ല. കുട്ടികൾക്ക് ഉച്ചഭക്ഷണം ഇരുന്ന് കഴിക്കാനുള്ള ഭോജനശാല സൗകര്യമില്ല. പെൺകുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുതകുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ശൗചാലയങ്ങളില്ല. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും അറ്റകുറ്റ പണികൾ ചെയ്യാത്തതുകൊണ്ട് കുട്ടികൾക്ക് കായിക പരിശീലനം നടത്താൻ സാധിക്കുന്നില്ല.

## സാമൂഹിക നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായകരമായി. അതുപോലെ തന്നെ സ്കൂളിലെ ക്ലബ്ബുകളുടെ പരിപാടികൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളും വികസന ലക്ഷ്യങ്ങളും

1. **ഭാഷാശേഷി വികസനം**
2. **വായനശേഷിവികസനം**
3. **ഇംഗ്ലീഷ് പഠനം അനായാസമാക്കൽ**
4. **ഗണിതശേഷി വികസനം**
5. **ശാസ്ത്രപോഷണ പരിപാടി**

6. പ്രതിഭപോഷണ പരിപാടി

7. ലാബുകളുടെ ശാക്തീകരണം

8. ലൈബ്രറിയുടെശാക്തീകരണം

9. പച്ചക്കറിത്തോട്ടം, ഔഷധ സസ്യോദ്യാനം

10. സ്കോളർഷിപ്പ് പരീക്ഷാപരിശീലനം

11. സ്കൂൾ പത്രം മാസിക

12. അധ്യാപക ശാക്തീകരണം -SRG തലം

13.പ്രവൃത്തി പരിചയ പരിശീലനം

14.കലാ പരിപോഷണം

15.സാഹിത്യ ശില്പശാലകൾ

16.മെഡിക്കൽ ക്യാമ്പുകൾ

17.സ്കൂൾബ്ലോഗ് കാര്യക്ഷമമാക്കൽ

18.ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

19. എല്ലാ ആഴ്ച്ചകളിലും ശാസ്ത്ര പരീക്ഷണങ്ങൾ.

20. കായിക ശേഷി വികസനം

21.ചോദ്യപേപ്പർ ശില്പശാല

22.വിലയിരുത്തൽ  കാര്യക്ഷമമാക്കൽ

23. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

24. ഐടി  ശാസ്ത്ര ഗണിത കലാ പ്രവൃത്തി പരിചയമേളകൾ

**25. വിജ്ഞാനദായിനി മത്സരങ്ങൾ.**

# പ്രവർത്തന വിശദാംശങ്ങൾ

| മേഖല : ഭാഷാശേഷിവികസനം<br>ഉപമേഖല : മലയാള ഭാഷാപഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ,ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരം,ചിഹ്നം ഉറപ്പിക്കൽ<br>*പദ നിർമ്മാണം<br>*വാക്യ നിർമ്മാണം<br>*ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ആവശ്യമനുസരിച്ച്. | മലയാളം അധ്യാപകർ, SRG | PTA ,DEPT |
| 2.എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | *ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>*ക്ലാസ് ലൈബ്രറി ശാക്തീകരണം<br>*ക്ലാസ് നിലവാരമനുസരിച്ച് പുസ്തകം ലഭ്യമാക്കൽ<br>*വായന മുറി രൂപീകരിക്കൽ<br>*പത്രവായന പ്രോത്സാഹനം<br>*വിവിധ വായനാ മത്സരങ്ങൾ<br>*സാഹിത്യ ക്വിസ് | ഒരു വർഷം | വിദ്യാരംഗം, മലയാള അധ്യാപകർ, SRG | PTA |

| മേഖല : ഭാഷാശേഷിവികസനം<br>ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ,ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ദിവസവും | **ഇംഗ്ലീഷ് അധ്യാപകർ** | |
| 2. ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസിപ്പിക്കൽ | * ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ English speech seminar, debate എന്നിവ സംഘടിപ്പിക്കൽ.<br><br>* English assembly ,EnglishDiary എഴുത്ത്.<br><br>*ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് കഥാ കവിതാ രചന ക്യാമ്പ്. | മാസത്തിൽ ഒരിക്കൽ<br><br>എല്ലാ ദിവസവും<br><br>മൂന്ന് മാസത്തിലൊരിക്കൽ | **ഇംഗ്ലീഷ് അധ്യാപകർ** | |

# മേഖല : ഭാഷാശേഷിവികസനം

## ഉപമേഖല: ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഹിന്ദി അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ,ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *ഹിന്ദിയിൽ തന്നെ ഹിന്ദി ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ദിവസവും | ഹിന്ദി അധ്യാപിക | |
| | *ഹിന്ദി പുസ്തക വായന പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ ലഭ്യമാക്കുക.<br><br>*ഹിന്ദി അസംബ്ലി,ഹിന്ദി പ്രസംഗം എന്നിവ നടത്തുക.<br><br>*ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹിന്ദി കഥാ കവിതാരചന മത്സരങ്ങൾ. | മാസത്തിൽ ഒരിക്കൽ<br><br>എല്ലാ ദിവസവും<br><br>മൂന്ന് മാസത്തിലൊരിക്കൽ | ഹിന്ദി അധ്യാപിക, | |

# മേഖല : ഭാഷാശേഷിവികസനം

## ഉപമേഖല: സംസ്കൃത ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും സംസ്കൃതം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ,ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *സംസ്കൃതത്തിൽ തന്നെ സംസ്കൃതം ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ദിവസവും | സംസ്കൃതം അധ്യാപിക | |
| | * സംസ്കൃതംപുസ്തക വായന പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറിയിൽ സംസ്കൃതപുസ്തകങ്ങൾ ലഭ്യമാക്കുക.<br><br>*സംസ്കൃത അസംബ്ലി,സംസ്കൃത പ്രസംഗം എന്നിവ നടത്തുക.<br><br>*സംസ്കൃതം ക്ലബ്ബിന്റെ നേതൃത്വത്തിൽ സംസ്കൃതം കഥാ കവിതാരചന മത്സരങ്ങൾ. | മാസത്തിൽ ഒരിക്കൽ<br><br>എല്ലാ ദിവസവും<br><br>മൂന്ന് മാസത്തിലൊരിക്കൽ | സംസ്കൃത അധ്യാപിക, | |

| മേഖല : ഗണിത ശേഷിവികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത കിറ്റുകളുടെ സഹായത്തോടെ ഗണിതാശയങ്ങൾ കുട്ടികൾക്ക് ലളിതമായ രീതിയിൽ അവതരിപ്പിക്കുക. | എല്ലാ ദിവസവും | ഗണിത അധ്യാപകൻ. | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | *വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക. *ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ കുട്ടികളിൽ എത്തിക്കുക. | ആവശ്യത്തിന് | ഗണിത അധ്യാപകൻ. | |
| സെമിനാർ,പ്രൊജക്ട് ,അസൈസ്സൻമെൻറ്. | ഗണിതാശയം കുട്ടികളിൽ ഉറപ്പിക്കുന്നതിനും ഗണിതത്തിൽ ഗവേഷണ തൽപ്പരത, ജനിപ്പിക്കുക | ആവശ്യത്തിന് | ഗണിത അധ്യാപകൻ. | |

| മേഖല: ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് | SRG | PTA & STAFF |

| മേഖല: സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ,അറ്റ്ലസ്സുകൾ തുടങ്ങിയ ലഭ്യമാക്കി കുട്ടികൾക്ക് സാമൂഹ്യ ശാസ്ത്രത്തിനോടുള്ള താൽപര്യം വർദ്ധിപ്പിക്കുക. | ആഴ്ച്ചയിൽ ഒരു തവണ | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക,ബാലറ്റ് പേപ്പർ എന്നിവ ഉപയോഗിച്ച് സ്കൂൾ പാർലമെന്റ് രൂപീകരണം. | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്ര അധ്യാപിക, കുട്ടികൾ | |

| | | | | |
|---|---|---|---|---|
| നൂതന അറിവുകൾ ഉണ്ടാക്കിയെടുക്കുക. | ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് പുതിയ പുതിയ വിവരങ്ങൾ അപ്പ് ഡേററ് ചെയ്യുക.<br><br>ക്വിസ് മത്സരങ്ങൾ, സംവാദം, സെമിനാർ എന്നിവ സംഘടിപ്പിക്കുക. | ആഴ്ച്ചയിൽ ഒരിക്കൽ. | സാമൂഹ്യശാസ്ത്ര അധ്യാപിക, കുട്ടികൾ | |
| പഠന യാത്രകളിലൂടെ ചരിത്ര വിവരങ്ങൾ അറിയുക. | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ എന്നിവയുടെ സന്ദർശനം . | വർഷത്തിൽ ഒരു തവണ. | SRG | |

| മേഖല :അക്കാദമികം - സാമൂഹികം<br>CPTA ,HOUSE VISITING | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| മുഴുവൻ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക. പഠന നേട്ടങ്ങളുടെ കൃത്യമായ അവതരണം. | * CPTA യോഗം കാര്യക്ഷമമായി നടത്തുന്നതിനായി എല്ലാ കുട്ടികളുടെ പഠന നേട്ടങ്ങൾ കൃത്യമായി രക്ഷിതാക്കളിൽ എത്തിക്കുക.<br>* കൃത്യമായ ഇടവേളകളിൽ ഗൃഹസന്ദർശനം നടത്തുക. | എല്ലാ മാസവും<br><br>രണ്ടു മാസത്തിൽ ഒരിക്കൽ. | SRG ,CLASS TEACHERS, HEADMASTER | |

| മേഖല :സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പരമാവധി കുട്ടികളെ വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് തയ്യാറാക്കുക. | NMMS ഉൾപ്പടെയുള്ള വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ ചിട്ടയായ പരിശീലനത്തിലൂടെ തയ്യാറാക്കുക. | ഒരു വർഷത്തിൽ നാലോ അഞ്ചോ മാസം. | സയൻസ് ടീച്ചർ | |

| മേഖല : ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | *ശാസ്ത്ര തത്ത്വങ്ങൾ ലളിതമായ രീതിയിൽ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ എത്തിക്കുക<br>* സ്കൂൾ തല സയൻസ് എക്സിബിഷൻ. | എല്ലാദിവസവും<br>വർഷത്തിൽ രണ്ട് തവണ | സയൻസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | *ഗവേഷണാത്മക പ്രോജക്റ്റുകൾ തയ്യാറാക്കുക. | മൂന്ന് മാസത്തിലൊരിക്കൽ | | |
| ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക.<br><br>ശാസ്ത്രലാബ് നവീകരണം | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക.<br><br>ലാബ് ഉപകരണങ്ങൾ വിഷയാടിസ്ഥാനത്തിൽ തരം തിരിച്ച് സജ്ജമാക്കുക. | രണ്ട് മാസം.<br><br>മേയ് മാസം | സയൻസ് ടീച്ചർ | |

| മേഖല : കായിക മികവ് വർദ്ധിപ്പിക്കൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് ഫുട്ബോൾ കളിയിൽ പരിശീലനം നൽകി സംസ്ഥാന തല മത്സരങ്ങളിൽ മത്സരിപ്പിക്കുക. | ആവശ്യത്തിന് | PTA ,അധ്യാപകർ | |

| മേഖല :കൗൺസിലിങ്ങ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. | ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുക.<br><br>ഗൃഹസന്ദർശനം, അഭിമുഖം,നിരീക്ഷണം , പ്രശ്നപരിഹാരം എന്നിവയിലൂടെ കൗൺസിലിങ്ങ് ഫലപ്രദമാക്കൽ. | ആവശ്യത്തിന് | കൗൺസിലിങ്ങ് ടീച്ചർ | |

# ഉപസംഹാരം

പട്ടുവം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളെ ലക്ഷ്യമാക്കി കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിന് സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

**********************